(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കാർഷിക വികസന നയം

4 (*214)ശ്രീ. തമ്പാനൂർ രവി :

ശ്രീ. പാലോട് രവി :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാത്തരം കാർഷിക വിഭവങ്ങളുടേയും ഉല്പാദന വർദ്ധന ലക്ഷ്യമിട്ട് സംസ്ഥാനത്തെ കാർഷിക വികസനം ഒരു നയമായി ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) കാർഷിക വിഭവങ്ങൾ ഉല്പാദിപ്പിക്കുന്ന കർഷകർക്ക് പൊതുവായി നൽകുന്ന ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും എന്തെല്ലാമാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് കൃഷി ഭൂമിയിൽ അതിക്രമിച്ചു കയറി കാർഷിക വിളകൾ കർഷകത്തൊഴിലാളികൾ വെട്ടിനശിപ്പിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ ഇനത്തിൽ എത്ര രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ;

(ഇ) ഇതിനെതിരെ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) കാർഷികവിളകൾ നശിപ്പിക്കുന്ന പ്രവണത തടയുന്നതിന് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ജി) പ്രകൃതിക്ഷോഭം മൂലമോ മറ്റുവിധത്തിലോ കൃഷിനാശം വന്നാൽ കർഷകന് സഹായം നൽകാൻ വ്യവസ്ഥയുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) വിത്ത്, നടീൽ വസ്തുക്കൾ എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്യൽ, കൃഷിയിടങ്ങളിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സാമൂഹ്യ ജലസേചനത്തിന് ധനസഹായം, കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കാനായി പവർടില്ലർ, മെതിയന്ത്രം, കൊയ്ത്തുമെതിയന്ത്രം എന്നിവ ലഭ്യമാക്കൽ, നെൽകൃഷി പാടശേഖരങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ധനസഹായം, നെൽകൃഷിക്കാർക്ക് ഉല്പാദന ബോണസ്, കശുമാവ്, കുരുമുളക് വിളകളുടെ പുനരുദ്ധാരണത്തിന് ധനസഹായം, തെരഞ്ഞെടുത്ത വിളകൾക്ക് വിള ഇൻഷ്വറൻസ്, കർഷകർക്ക് സൗജന്യ വൈദ്യുതി സഹായം, സൗജന്യ മണ്ണുപരിശോധന, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം, കാർഷിക ഉല്പന്നങ്ങളുടെ സംഭരണം, കീടരോഗനിർമ്മാർജ്ജനത്തിനുള്ള ധനസഹായം എന്നിവയാണ് കൃഷിവകുപ്പ് കർഷകർക്ക് പൊതുവായി നൽകിവരുന്ന ആനുകൂല്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) കൃഷിവകുപ്പ് കണക്കെടുത്തിട്ടുണ്ട്.

(ഇ&എഫ്) കൃഷിവകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല.

(ജി) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് സഹായം നൽകാനുള്ള വ്യവസ്ഥകൾ നിലവിലുണ്ട്.

റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ചരക്ക് കടത്തലും നികുതി വെട്ടിപ്പും

5 (*215)ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. എളമരം കരീം :

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ചരക്കുകടത്തലും നികുതി വെട്ടിപ്പും കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന്റെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു പുരോഗതി കൈവരിക്കാനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ സാമ്പത്തികവർഷം റെയിൽവേ സ്റ്റേഷൻ കേന്ദ്രീകരിച്ച് ചരക്ക് കടത്തിയ എത്ര കേസ്സുകൾ കണ്ടുപിടിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിലൂടെ എന്തുതുക പിഴ ഇനത്തിൽ ലഭിച്ചു;

(ഇ) റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ചരക്കു കടത്തും നികുതി വെട്ടിപ്പും കണ്ടുപിടിക്കുന്നതിനും പിഴ ഈടാക്കുന്നതിനും സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ എന്തു സംവിധാനമെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) റെയിൽവെ വഴി കടത്തുന്ന ചരക്കുകൾ പരിശോധിച്ചതുവഴി നികുതി വെട്ടിപ്പ് കണ്ടുപിടിക്കുകയും, നികുതി വരുമാനം ഗണ്യമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 1490 കേസുകൾ

(ഡി) 57,00,932 രൂപ (അൻപത്തി ഏഴു ലക്ഷത്തിതൊള്ളായിരത്തി മുപ്പത്തി രണ്ടുരൂപ)

(ഇ)&(എഫ്) ഉണ്ട്. റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള വിൽപന നികുതി, ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധനയ്ക്കുപുറമേ പ്രത്യേക പ്രോഗ്രാമായി ഡെപ്യൂട്ടി കമ്മീഷണർമാരുടെ നേതൃത്വത്തിൽ സെയിൽസ്ടാക്സ് ആഫീസർമാരും സെയിൽസ്ടാക്സ് ഇൻസ്പെക്ടർമാരും റെയിൽവേ സ്റ്റേഷനുകളിൽ പരിശോധന നടത്തുന്നുണ്ട്. ഇത്തരം പരിശോധനകൾമൂലം നികുതിവരുമാനം ഗണ്യമായി വർധിച്ചി

LIBRARY ARCHIVES Kerala Legislative Assembly